**മധുരമായ കുട്ടികളേ, നിങ്ങൾക്ക് ഈ മുൾക്കാടിനെ ദൈവീക പുഷ്പങ്ങളുടെ പൂന്തോട്ടമാക്കണം, പുതിയ ലോകത്തിന്റ നിർമാണം ചെയ്യണം.**

**ചോദ്യം:** ആർക്കും ചെയ്യാൻ കഴിയാത്ത ഏതു സേവനമാണ് നിങ്ങൾ കുട്ടികൾ ബാബയോടൊപ്പം ചെയ്യുന്നത്?

**ഉത്തരം:** മുഴുവൻ വിശ്വത്തിലും സൂര്യവംശി, ചന്ദ്രവംശി രാജധാനിയുടെ സ്ഥാപനചെയ്യുന്നതിന്റ സേവനം നിങ്ങൾ കുട്ടികളാണ് ബാബയോടൊപ്പം ചെയ്യുന്നത്, ഇത് വേറെ ആർക്കും ചെയ്യാൻ കഴിയുകയില്ല. നിങ്ങളിപ്പോൾ പുതിയ ലോകത്തിന്റെ അടിത്തറയിട്ടുകൊണ്ടിരിക്കുകയാണ്, അപ്പോൾ തീർച്ചയായും ഈ പഴയലോകത്തിന്റെ വിനാശം നടക്കും. ദൈവീക പുഷ്പങ്ങളുടെ പൂന്തോട്ടമുണ്ടാക്കുക, മുൾക്കാടിനെ സമാപ്തമാക്കുക - ഇത് ബാബയുടെ തന്നെ ജോലിയാണ്.

**ഗീതം: ഓം നമോ ശിവായ .........**

**ഓം ശാന്തി -** ഏതെങ്കിലും സന്യാസിവര്യന്മാരോ വിദ്വാന്മാരോ പ്രഭാഷണം ചെയ്യുമ്പോൾ ആദ്യം ആർക്കെങ്കിലും നമസ്തെ പറയുന്നു, ചിലർ ശിവായ നമഃ, ചിലർ കൃഷ്ണായ നമഃ, പറയുന്നു, ചിലർ ഗണേശായ നമഃ എന്നും പറയുന്നു. എന്നാൽ നമസ്തെ പറയേണ്ടത് ഉയർന്നതിലും ഉയർന്ന അച്ഛനോടു തന്നെയാണ്. കുട്ടികൾക്കറിയാം ഉയർന്നതിലും ഉയർന്നത് ഒരു ഭഗവാനാണ്, പേര് ശിവനെന്നാണ്. പാടാറുമുണ്ട് ശിവായ നമഃ. ശിവനെ എപ്പോഴും ബാബ എന്നാണ് പറയുന്നത്. ശിവബാബ ആദ്യമാദ്യം രചന രചിക്കുന്നു. രചയിതാവ് ഒന്നാണ്, വാസ്തവത്തിൽ രചനയും ഒന്നാണ്. രചയിതാവിനെ ബാബയെന്നും, രചനയെ ലോകമെന്നും പറയുന്നു. ബാബ ഏതൊരു ലോകം സൃഷ്ടിക്കുന്നുവോ തീർച്ചയായും പുതിയതായിരിക്കും. എന്നാൽ ബാബ വരുന്നത് തീർച്ചയായും പഴയലോകത്തിൽ തന്നെയായിരിക്കും, അതുകൊണ്ടാണ് ബാബയെ പതിത-പാവനൻ എന്നു പറയുന്നത്. മുഴുവൻ ലോകത്തിലെ മനുഷ്യരും, അതിൽ പ്രത്യേകിച്ചും ഭാരതത്തിലുള്ളവർ, ബാബയെ പതിത-പാവനാ വരൂ എന്നു പറഞ്ഞാണ് ഓർമ്മിക്കുന്നത്. എപ്പോഴാണ് എല്ലാവരും ദുഃഖിതരും പതിതരുമാകുന്നത് അപ്പോഴാണ് വിളിക്കുന്നത്. എന്നാൽ എപ്പോഴാണ് ദുഃഖിതരായത്, എപ്പോഴാണ് ഓർമ്മിക്കാൻ തുടങ്ങിയത് എന്നതാർക്കും അറിയുകയില്ല.

ബാബ മനസ്സിലാക്കിത്തരുകയാണ് - ഇതിനുമുമ്പും മനസ്സിലാക്കിത്തന്നിരുന്നു, ഹേ കുട്ടികളെ നിങ്ങൾക്ക് നിങ്ങളുടെ സുഖ - ദുഃഖത്തിന്റെ ജന്മങ്ങളെക്കുറിച്ചറിയുകയില്ല, ഞാനാകുന്ന ജ്ഞാനസാഗരൻ, നോളെജ്ഫുൾ നിങ്ങൾക്കിപ്പോൾ മനസ്സിലാക്കിത്തരുകയാണ്. ശിവബാബ പറയുകയാണ് ഞാൻ മനുഷ്യസൃഷ്ടിയുടെ ബീജരൂപവുമാണ്, എന്നെ പതിതപാവനൻ എന്നും പറയുന്നു. അപ്പോൾ തീർച്ചയായും പതിതലോകവുമുണ്ട്; പാവനലോകവുമുണ്ട്. പാവനലോകത്തിനെ സ്വർഗ്ഗം അഥവാ പൂന്തോട്ടം എന്നു പറയപ്പെടുന്നു, പിന്നീട് പതിതമാകുമ്പോൾ മുൾക്കാടെന്നും പറയപ്പെടുന്നു. വളരെയധികം മനുഷ്യരുണ്ടാകുന്നു. മായയുടെ രാജ്യം തുടങ്ങുന്നു. നിങ്ങൾക്ക് ആർക്കുവേണമെങ്കിലും പറഞ്ഞുകൊടുക്കാം, അയ്യായിരം വർഷം മുമ്പേ ഭാരതം ഈശ്വരീയ പൂന്തോട്ടമായിരുന്നു. മനുഷ്യർ വളരെ സുഖത്തിലായിരുന്നു. പുതിയലോകത്തിൽ ഭാരതം മാത്രമാണുണ്ടായിരുന്നത്, വേറെയൊരു ഖണ്ഡത്തിന്റെ പേരോ അടയാളമോ ഉണ്ടായിരുന്നില്ല. പുതിയ ഭാരതത്തിൽ പുതിയ ഡൽഹിയുമുണ്ടായിരുന്നു, അതിനെ ദേവലോകമെന്നും പറയപ്പെട്ടിരുന്നു. ഭാരതം വജ്രതുല്യമായിരുന്നു, അതിനെ സുഖധാമമെന്നും പറഞ്ഞിരുന്നു. ഇപ്പോൾ ഭാരതം പഴയതാണ്, അതിനെത്തന്നെയാണ് ദുഃഖധാമമെന്നു പറയുന്നത്. ഇപ്പോൾ ബാബ പറഞ്ഞുതരികയാണ്, ഇക്കാലത്ത് ഡൽഹിയിൽ വിശ്വ നവനിർമ്മാണ പ്രദർശിനി ചെയ്തുകൊണ്ടിരിക്കുകയാണ്, എങ്ങിനെയാണ് ഭാരതം പുതിയതായതെന്ന് മനുഷ്യർക്ക് മനസ്സിലാക്കുക്കൊടുക്കാൻ. ചിത്രത്തെ മുന്നിൽ വെച്ച് വേറെ ആർക്കും ഇങ്ങനെ പറഞ്ഞുകൊടുക്കാൻ കഴിയുകയില്ല, മാത്രമല്ല വേറെ ആർക്കും തന്നെ ഇങ്ങനെ ഒരു വിശ്വനവനിർമാണപ്രദർശിനി തുടങ്ങാൻ കഴിയുകയില്ല. ഇതാദ്യമായാണ് ബ്രഹ്മാകുമാർ-കുമാരിമാർ പറഞ്ഞുകൊടുക്കുന്നത്. ഭാരതം പുതിയതായിരുന്നപ്പോൾ തന്നെയാണ് സുഖിയായിരുന്നത്, ലക്ഷ്മീ-നാരായണൻ രാജ്യം ഭരിച്ചിരുന്നത്. പുതിയലോകമായിരുന്നു വിഷ്ണുപുരി. പുതിയ ലോകത്തിന്റെ നിർമാണം അഥവാ അടിത്തറ ഇടുക എന്നത് പരംപിതാ പരമാത്മാവിന്റെ മാത്രം കർത്തവ്യമാണ്. സ്വയം സ്വയത്തെ പതിതരെന്നും ഭ്രഷ്ടാചാരികളെന്നും പറയുന്ന ഭാരതവാസികൾക്ക് പുതിയ ലോകത്തിന്റ നിർമാണം ചെയ്യാൻ കഴിയുകയില്ല. നിങ്ങൾക്കറിയാം - അവർ എന്തെല്ലാം അടിത്തറകളാണ് ഇടുന്നതെന്ന്. ബാബ പറയുകയാണ് ഞാൻ സ്വർഗ്ഗം, പുതിയ ലോകത്തിന്റെ അടിത്തറയിടുകയാണ്. പഴയ ലോകത്തിന്റെ

വിനാശം നടക്കണം. ഇത് മുള്ളുകളുടെ ലോകമാണ്. മനുഷ്യർ മുള്ളുപോലെയാണ്. അന്യോന്യം ദുഃഖം നല്കിക്കൊണ്ടിരിക്കുകയാണ്. ഭാരതം അള്ളാഹുവിന്റെ പൂന്തോട്ടമായിരുന്നു. ദൈവം സ്ഥാപിച്ചതായിരുന്നു. ശിവായ നമഃ എന്നും പറയുന്നു. ശിവബാബ എങ്ങിനെയാണ് സ്ഥാപന ചെയ്തത്? തീർച്ചയായും ബ്രഹ്മാവ് മുഖേനയാണ് അള്ളാഹുവിന്റെ പൂന്തോട്ടം അഥവാ ദേവീ പൂന്തോട്ടം സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നത്. മുള്ളുകളുടെ കാടിനെ മാറ്റി ദേവീക സ്വരാജ്യം സ്ഥാപന ചെയ്യും. കുട്ടികളെ ക്ഷണിക്കുകയാണ്. ഇവിടെയും കുട്ടികൾ ക്ഷണിക്കുന്നു, ബാബാ വന്നു നോക്കൂ, ഞങ്ങൾ ചിത്രങ്ങളിലൂടെ എങ്ങിനെയാണ് പുതിയലോകത്തിന്റെ സ്ഥാപനയെക്കുറിച്ചും പഴയ ലോകത്തിന്റെ വിനാശത്തെക്കുറിച്ചും പറഞ്ഞുകൊടുക്കുന്നത്. അങ്ങ് വന്ന് കാണൂ, ശ്രീമതം നൽകൂ. വിളിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഈ ചിത്രങ്ങളിലൂടെ ആർക്കും പറഞ്ഞുകൊടുക്കാൻ വളരെ എളുപ്പമാണ്. മുകളിൽ പരംപിതാ പരമാത്മാവിന്റെ ചിത്രമാണ്. ശിവായ നമഃ, സർവ്വതിലും വെച്ച് ശ്രേഷ്ഠമാണ്. ബാബ പുതിയലോകത്തിന്റെ സ്ഥാപന ചെയ്യുന്നു. പുതിയ ഭാരതത്തിൽ ഈ ദേവീ-ദേവതകളുടെ രാജ്യമായിരുന്നു. ആ ഉയർന്നതിലും ഉയർന്ന പരംപിതാ പരമാത്മാവ്, വീണ്ടും സൂര്യവംശി, ചന്ദ്രവംശി രാജധാനിയുടെ സ്ഥാപന ചെയ്യുകയാണ് - ബ്രഹ്മാവും, ബ്രഹ്മാകുമാർ കുമാരികളിലൂടെയും. ആ സത്യയുഗം തുടക്കത്തിലായിരുന്നു, എങ്കിൽ സ്ഥാപന തീർച്ചയായും കലിയുഗാന്ത്യത്തിലായിരിക്കും. അങ്ങിനെ, ഇപ്പോൾ സംഗമയുഗത്തിൽ വീണ്ടും സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. വാസ്തവത്തിൽ എല്ലാ ആത്മാക്കളും ശിവന്റെ സന്താനങ്ങളാണ്, പ്രജാപിതാ ബ്രഹ്മാവിന്റെയും കുട്ടികളാണ്. ഓരോ ആത്മാവിലും മുഴുവൻ പാർട്ടും അടങ്ങിയിട്ടുണ്ട്. ഒന്നാമത്തെ പാർട്ടുധാരി ഇദ്ദേഹമാണ് - പൂർണ്ണമായും 84 ജന്മങ്ങളും എടുക്കുന്നു. പുനർജന്മമെടുക്കുന്ന രീതി തുടക്കം മുതലേ നടന്നു വരുന്നു. സതോപ്രധാനം, പിന്നെ സതോ, രജോ, തമോ ആയിരിക്കുന്നു. സതോപ്രധാനമായിരുന്നപ്പോൾ സൂര്യവംശീ ലക്ഷ്മീ-നാരായണന്റെ രാജ്യമായിരുന്നു, 16 കലാ സമ്പൂർണ്ണരായിരുന്നു. ശേഷം 14 കലയായി. ഈ രണ്ടു യുഗങ്ങളേയും പൂന്തോട്ടമെന്നാണ് പറഞ്ഞിരുന്നത്. അതായിരുന്നു സുഖധാം. ഇത് ചിത്രങ്ങളിലൂടെ പറഞ്ഞുകൊടുക്കാൻ വളരെ സഹജമാണ്. മുകളിൽ ശിവബാബ, ബാബയിലൂടെ വിശ്വ നവനിർമാണം നടന്നുകൊണ്ടിരിക്കുകയാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കരൻ . . . . ഇവരെ രചിക്കുന്നയാൾ ശിവബാബയാണ്. കുട്ടികളിതു മനസ്സിലാക്കിക്കൊടുക്കണം, അതായത് പുതിയ ലോകത്തിന്റെ സ്ഥാപനയും പഴയലോകത്തിന്റെ വിനാശവും നടക്കുകയാണ്. ഇപ്പോൾ എത്ര ധർമ്മങ്ങളാണുള്ളത് - ഒരു ദേവതാ ധർമ്മം മാത്രമില്ല. അത് പ്രായലോപമായിരിക്കുകയാണ്. ദേവീ-ദേവതാ ധർമ്മത്തിലുണ്ടായിരുന്നവർ ഇപ്പോൾ സ്വയത്തെ ഹിന്ദു എന്ന് പറയുകയാണ്, എന്തുകൊണ്ടെന്നാൽ സത്യയുഗത്തിൽ എല്ലാവരും പാവനമായിരുന്നു, ഇപ്പോൾ എല്ലാവരും പതിതമാണ്. ബാബയുടെ പേരുതന്നെ പതിത പാവനൻ എന്നാണ്. എന്നാൽ പതിതമാക്കി മാറ്റുന്നതാരാണ്? ഇത് ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. കുട്ടികൾ പിന്നീട് മറ്റുള്ള സഹോദരീ-സഹോദരന്മാർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. പതിതമാക്കി മാറ്റുന്നയാൾ രാവണനാണ്, വർഷാവർഷം രാവണനെ കത്തിക്കുന്നു, രാവണന് ഒരു രൂപവുമില്ല, ഗുപ്തമാണ് -സ്ത്രീയുടെ അഞ്ചുവികാരങ്ങളും പുരുഷന്റെ അഞ്ചു വികാരങ്ങളും. ഭാരതത്തിന്റെ ഏറ്റവും വലിയ ശത്രുവാണ് രാവണൻ, രാവണനാണ് ഭാരതത്തെ കക്കയ്ക്കു തുല്യമാക്കി മാറ്റിയത്. ഇപ്പോൾ ഈ രാവണനുമേൽ വിജയം പ്രാപ്തമാക്കൂ, എന്റെ മതത്തിലൂടെ. ഈ സമയത്ത് എല്ലാവരും പതിതമായി മാറിയിരിക്കുകയാണ്. ഇതുകാരണം പരംപിതാ പരമാത്മാവിന്റെ തന്നെ ശ്രീമതം വേണം. ശ്രീമതം ഭഗവാന്റേതാണ്. ഭഗവാനുവാചാ, അല്ലയോ കുട്ടികളേ അഥവാ ആത്മാക്കളേ, നിങ്ങൾ മുഴുവൻ സമയവും ദേഹാഭിമാനികളായിരുന്നു. ഇപ്പോൾ ദേഹീയഭിമാനിയായി മാറൂ. നിങ്ങളാത്മാക്കൾ അമരന്മാരാണ്. നിങ്ങൾ തന്നെയാണ് ശരീരമെടുക്കുന്നതും ഉപേക്ഷിക്കുന്നതും. ബാബ പറയുകയാണ് - അല്ലയോ ബ്രഹ്മാവേ, നിനക്ക് നിന്നെക്കുറിച്ചൊന്നുമറിയുകയില്ല. നിന്നെക്കുറിച്ചുതന്നെയാണ് പാടുന്നത് - അരക്കല്പം ബ്രഹ്മാവിന്റെ പകൽ, അരക്കല്പം ബ്രഹ്മാവിന്റെ രാത്രിയെന്ന്. നിങ്ങൾ കുട്ടികൾ ഈ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്, അതുകൊണ്ടാണ് പ്രദർശിനി തുടങ്ങിയിരിക്കുന്നത്. ഇപ്പോൾ ഈ ചിത്രങ്ങളിലൂടെ മനസ്സിലാക്കിക്കൊടുക്കൂ. ഇപ്പോൾ ഈ ബ്രഹ്മാവും ബ്രഹ്മാകുമാർ-കുമാരികളും പരംപിതാ പരമാത്മാവിൽ നിന്നും തന്റെ ഭാഗ്യമെടുത്തുകൊണ്ടിരിക്കുകയാണ്. പാടാറുമുണ്ട് ജ്ഞാനസൂര്യൻ പ്രത്യക്ഷപ്പെടുമ്പോൾ അജ്ഞാന-അന്ധകാരം അപ്രത്യക്ഷമാകും... ആ സൂര്യന്റെ കാര്യമല്ല. ഞാൻ ജ്ഞാനസൂര്യൻ ഈ സമയം ജ്ഞാനവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുകയാണ്, നിങ്ങളിതിലൂടെ പതിതത്തിൽ നിന്നും പാവനമായി മാറിക്കൊണ്ടിരിക്കുകയാണ്. മഴവെള്ളം ആരെയും പാവനമാക്കുകയില്ല. എന്നെ പതിത-പാവനൻ എന്ന് പറയുന്നു - എന്റെ പക്കൽ തന്നെയാണ് എങ്ങിനെ പതിതത്തിൽ നിന്നും പാവനമായി മാറുന്നുമെന്നും എങ്ങിനെ പാവനനിൽ നിന്നും പതിതമായി മാറുന്നു എന്നതിന്റെ അറിവുള്ളത്. പാവനമെന്ന് പുതിയ ലോകത്തെയും പതിതമെന്ന് പഴയ ലോകത്തെയുമാണ് പറയപ്പെടുന്നത്. രാവണനാണ് പതിതമാക്കിമാറ്റുന്നത്. രാവണനെ ചെകുത്താനെന്നും രാമനെ ഭഗവാനെന്നും പറയപ്പെടുന്നു. ആ രാമനും സീതയുമല്ല.

നിങ്ങൾ കുട്ടികൾ ഈ സ്ഥാപനയുടെയും വിനാശത്തിന്റെയും രഹസ്യത്തെയും പറഞ്ഞുകൊടുക്കണം. അതിനായാണ് ഈ വിശ്വനിർമ്മാണ പ്രദർശിനി. ഒരു ശാസ്ത്രത്തിലും ഇങ്ങനെ പറഞ്ഞിട്ടില്ല, അതായത് പരംപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ സുഖധാമത്തിന്റെ സ്ഥാപന ചെയ്യുന്നു. രാവണനാണ് പിന്നീട് ദുഃഖധാമമാക്കി മാറ്റുന്നത്. ബാബ വന്ന് സുഖധാമമാക്കുന്നു. അരക്കല്പം സുഖം, അരക്കല്പം ദുഃഖം. സത്യ-ത്രേതായുഗം പകൽ, ദ്വാപര-കലിയുഗം രാത്രി. രാത്രിയിൽ തട്ടലും മുട്ടലുമുണ്ടാകുന്നു. ഭഗവാനെ അന്വേഷിച്ച് ഉന്തും തള്ളും കൊള്ളുന്നു. ഇതും ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. അരക്കല്പം ജ്ഞാനം, അരക്കൽപം ഭക്തി. ജ്ഞാനസാഗരൻ അഥവാ ജ്ഞാനസൂര്യൻ എന്ന് പരംപിതാ പരമാത്മാവിനെയാണ് പറയുന്നത്. ഭാരതത്തിൽത്തന്നെയാണ് ശിവജയന്തി ആഘോഷിക്കുന്നത്. ഇതിൽനിന്നും തെളിയുകയാണ് ഭാരതമാണ് ശിവബാബയുടെ ജന്മഭൂമി. എനിക്ക് പതിതമായ ലോകത്തിൽ തന്നെ വരേണ്ടിയിരിക്കുന്നു, അപ്പോൾ മാത്രമേ പതിതരെ പാവനമാക്കാൻ കഴിയുകയുള്ളൂ. ആരായിരുന്നുവോ പൂജ്യ ലക്ഷ്മീ-നാരായണൻ, അവർ തന്നയാണ് പൂജാരിയായി മാറിയിരിക്കുന്നത്. സ്വയം പൂജ്യരും പൂജാരികളും. അതേ ലക്ഷ്മീ-നാരായണന്റെ ആത്മാവ് 84 ജന്മങ്ങളെടുത്തെടുത്ത് ഭിന്ന-ഭിന്ന പേരിലും രൂപത്തിലും വരുന്നു. ഈ ബ്രഹ്മാവ്, ആരാണോ സ്ഥാപന ചെയ്യുന്നത്, അദ്ദേഹത്തിനുതന്നെ പാലനയും ചെയ്യണം. ഇപ്പോൾ ആ ആത്മാവ് പതിതമായി മാറിയിരിക്കുകയാണ്, അതുകൊണ്ട് അദ്ദേഹത്തിന്റെ തന്നെ ശരീരത്തിൽ വന്ന് പേര് ബ്രഹ്മാവെന്ന് വെയ്ക്കുന്നു. ആദ്യം തന്നെ ഈ കാര്യം ചോദിക്കണം അതായത് പരംപിതാ പരമാത്മാവുമായി എന്താണ് നിങ്ങളുടെ ബന്ധം? തീർച്ചയായും പറയും അച്ഛനാണെന്ന്. പരമാത്മാവാണെങ്കിൽ എല്ലാ ആത്മാക്കളുടേയും അച്ഛനാണ്. നിങ്ങളെല്ലാവരും ശിവബാബയുടെ കുട്ടികളാണ്. ഈസമയം ഭക്തരാണ്, ഭഗവാനെ എല്ലാവരും ഓർമ്മിക്കുന്നു. ഭക്തർ പറയുകയാണ്, അല്ലയോ ഭഗവാനേ, ഞങ്ങൾക്ക് ഭക്തിയുടെ ഫലം തരൂ, ഞങ്ങൾ ദുഃഖിതരാണ്, ജീവിതമുക്തി തരൂ. സന്യാസിമാരും സാധന ചെയ്യുന്നു, മുക്തി-ജീവിതമുക്തിക്കുവേണ്ടി. ഈ സമയം എല്ലാവരും വിളിക്കുകയാണ് - വന്ന് പതിതരെ പാവനമാക്കി മാറ്റൂ. ബാബ നിർദ്ദേശം നൽകുകയാണ് ഇങ്ങനെയെല്ലാം മനസ്സിലാക്കിക്കൊടുക്കൂ. നാം ആത്മാക്കൾ ശാന്തിധാമ നിവാസികളാണ്. ഒരു ശരീരം വിട്ട് വേറെയെടുത്ത് തീർച്ചയായും പാർട്ടഭിനയിക്കണം. വർണ്ണങ്ങളിലൂടെയും കടന്നുപോകണം. ഈ ഡ്രാമ അവിനാശിയായി ഉണ്ടാക്കപ്പെട്ടതാണ്. ചക്രം കറങ്ങിക്കൊണ്ടേയിരിയ്ക്കുകയാണ്, എങ്ങിനെ കറങ്ങുന്നു എന്നും അറിയേണ്ടതാണ്. ഒരു പതിതപാവനൻ, ഒരു രചയിതാവ്, ലോകവും ഒന്ന്. ചോദിയ്ക്കുകയാണ് എങ്ങിനെയാണ് പാവനത്തിൽ നിന്നും പതിതമായി മാറിയതെന്ന്. രാവണന്റെ ആസുരീയ മതപ്രകാരം നടക്കുന്നതിലൂടെ അഞ്ച് വികാരങ്ങൾ വരുന്നു. അഞ്ചു വികാരങ്ങളെത്തന്നെയാണ് രാവണ മതമെന്ന് പറയപ്പെടുന്നത്, അതുകൊണ്ടാണ് രാവണനെ കത്തിക്കുന്നത്. എന്നാൽ രാവണൻ കത്തുന്നില്ല. ഇപ്പോൾ ബാബ പറയുകയാണ് കുട്ടികളേ, നിങ്ങൾക്ക് ഈ രാവണനു മേൽ വിജയം പ്രാപ്തമാക്കണം, ആരു ജയിക്കുന്നുവോ അവർ രാമരാജ്യത്തിന്റെ അധികാരികളാകും. ഇത് അന്തിമ ജന്മമാണ്, അതായത് സൃഷ്ടിയുടെ അവസാനമാണ്. സൃഷ്ടിയുടെ തുടക്കവും ബാബ തന്നെ ചെയ്യുന്നു. അന്തിമത്തിലെ വിനാശവും ബാബ തന്നെയാണ് ചെയ്യുന്നത്. ബാബ പറയുകയാണ്, ഞാൻ പുതിയ ലോകത്തിന്റെ സ്ഥാപനയും ചെയ്യിപ്പിക്കുന്നു, പഴയ ലോകത്തിന്റെ വിനാശവും ചെയ്യിപ്പിക്കുന്നു. ബ്രഹ്മാവിലൂടെ സ്ഥാപന എന്ന് പാടപ്പെട്ടിട്ടുണ്ട്, എന്നാൽ ബ്രഹ്മാവ് തനിയെയാകുകയില്ലല്ലോ. ബ്രഹ്മാകുമാർ-കുമാരികളിലൂടെ ഭാരതത്തെ ദേവീക പൂന്തോട്ടമാക്കിമാറ്റുന്നു. ഇത് മുൾക്കാടാണ്. ഇതിന് അഗ്നിക്കിരയാകേണ്ടതുണ്ട്. നിങ്ങളിപ്പോൾ ഉണർന്നിരിക്കുകയാണ്, മനുഷ്യരാണെങ്കിൽ ഉറങ്ങിക്കിടക്കുകയാണ്. ഇവിടെയാണെങ്കിൽ ദുഃഖവും അശാന്തിയുമാണ്. കുട്ടികൾക്ക് സദാ തന്റെ ശാന്തിധാമത്തെ മധുരമായ വീടിനെ ഓർമ്മിക്കണം. അങ്ങിനെയാണെങ്കിൽ മധുരമേറിയ രാജപദവി സമ്പത്തായി ലഭിയ്ക്കും. ഈ രാവണരാജ്യത്തെ മറന്നേ പോകൂ. ദേവസ്ഥാനമായിരുന്ന ഭാരതം ഇപ്പോൾ ശ്മശാനമായിരിക്കുകയാണ്, വീണ്ടും ദേവസ്ഥാനമായിമാറും. ഇത് ചക്രമാണ്. പുതിയ ലോകം തയ്യാറാകുമ്പോൾ പഴയത് തീർച്ചയായും അഗ്നിക്കിരയാകും. നിങ്ങൾക്കിപ്പോൾ പുതിയ ലോകത്തിലേയ്ക്ക് പോകാൻ തയ്യാറാകണം. പിന്നീട് അവിടെപ്പോയി വജ്രവൈഢൂര്യക്കൊട്ടാരങ്ങൾ ഉണ്ടാക്കും. ഇപ്പോൾ കുടിലുകളാണ്. കല്പ-കല്പം പതിത ലോകം പാവനമായി മാറുന്നു. പതുക്കെപ്പതുക്കെയാണ് പതിതമായി മാറുന്നത്. പുതിയ കെട്ടിടം വേഗമുണ്ടാക്കുന്നു, പഴയതാകാൻ സമയമെടുക്കുന്നു. ജ്ഞാനം കൊണ്ട് നിങ്ങൾ പുതിയ ലോകത്തിന്റെ അധികാരികളായി മാറുന്നു. ഇപ്പോൾ നിങ്ങൾ 16 കലകളുള്ളവരായി മാറുന്നു, പിന്നെ 14 കല, പതുക്കെപ്പതുക്കെ കലകൾ കുറഞ്ഞുവരുന്നു. ഇപ്പോൾ കലിയുഗത്തിൽ കലകളൊന്നുമില്ല. ഭാരതം പാവനമായിരുന്നു, ഇപ്പോൾ പതിതമായി മാറിയിരക്കുകയാണ്. ഈ കളി ഭാരതത്തിൽ തന്നെയാണ്. രാവണനോട് തോറ്റു തോറ്റു, . . . ഇപ്പോൾ നിങ്ങൾ ശ്രീമതത്താൽ വിജയം പ്രാപ്തമാക്കുന്നു. ശരി.

മധുര മധുരമായ നഷ്ടപ്പെട്ട് തിരികെക്കിട്ടിയ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ശ്രീമത പ്രകാരം ഭാരതത്തെ പാവനമാക്കി മാറ്റുന്നതിന്റെ സേവനം ചെയ്യണം. രാവണ മതത്തെ ഉപേക്ഷിച്ച് ഒരു ബാബയുടെ ശ്രീമത്തു പ്രകാരം നടക്കണം.

2. ഈ ദുഃഖധാമത്തെ മറന്ന് തന്റെ മധുരമായ വീടിനെ, ശാന്തി ധാമത്തെ ഓർമ്മിക്കണം. പുതിയ ലോകത്തേയ്ക്ക് പോകാൻ സ്വയത്തെ തയ്യാറാക്കണം.

## വരദാനം:- സ്വന്തം ശ്രേഷ്ഠകർമ്മമാകുന്ന ദർപ്പണത്തിലൂടെ ബ്രഹ്മാബാബയുടെ കർമത്തെ കാട്ടിക്കൊടുക്കുന്ന ബാപ്സമാനമായി ഭവിക്കട്ടെ

ഓരോരോ ബ്രാഹ്മണാത്മാവ് ശ്രേഷ്ഠാത്മാവ് ഓരോ കർമത്തിലും ബ്രഹ്മാബാബയുടെ കർമത്തിന്റെ ദർപ്പണമാകണം. ബ്രഹ്മാബാബയുടെ കർമം താങ്കളുടെ കർമത്തിന്റെ ദർപ്പണത്തിൽ കാണപ്പെടണം. ഏതു കുട്ടികൾ ഇത്രയും ശ്രദ്ധ വെച്ച് ഓരോ കർമവും ചെയ്യുന്നുവോ അവരുടെ സംസാരം, നടപ്പ്, എണീക്കൽ, ഇരിക്കൽ എല്ലാം ബ്രഹ്മാബാബയ്ക്ക് സമാനമാകും. ഓരോ കർമവും വരദാനയോഗ്യമാകും, വായിലൂടെ സദാ വരദാനങ്ങൾ പുറപ്പെട്ടുകൊണ്ടിരിക്കും. പിന്നെ സാധാരണ കർമത്തിലും വിശേഷത കാണപ്പെടും. എങ്കിൽ ഈ സർട്ടിഫിക്കറ്റെടുക്കൂ അപ്പോൾ പറയാം ബാപ്സമാനം.

## സ്ലോഗൻ:- അവ്യക്തസ്ഥിതിയുടെ അനുഭവം ചെയ്യുന്നതിന് ബാഹ്യമുഖതയെ വിട്ട് അന്തർമുഖി ഏകാന്തവാസിയാകൂ.

**ലൗലീനസ്ഥിതിയുടെ അനുഭവം ചെയ്യൂ :** അച്ഛന് കുട്ടികളോട് ഇത്ര സ്നേഹമാണ്, സദാ പറയുന്നു കുട്ടികൾ എന്താണോ എങ്ങനെയാണോ എന്റേതാണ്. ഇങ്ങനെ താങ്കളും സദാ സ്നേഹത്തിൽ ലൗലീനമായി കഴിയൂ, ഹൃദയം കൊണ്ട് പറയൂ ബാബാ എന്തുണ്ടോ അതെല്ലാം അങ്ങയുടേതു തന്നെയാണ്. ഒരിക്കലും അസത്യത്തിന്റെ രാജ്യത്തിന്റെ പ്രഭാവത്തിൽ വരരുത്, തന്റെ സത്യസ്വരൂപത്തിൽ സ്ഥിതി ചെയ്യൂ